**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ. 707**

**06.02.2013 -ൽ മറുപടിയ്ക്ക്**

**ഖാദി വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിനുള്ള നടപടികൾ**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ. ഇ.കെ. വിജയൻ** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (ബഹു. വ്യവസായവും വിവര സാങ്കേതികവും വകുപ്പു മന്ത്രി)** |
| (എ) പരമ്പരാഗത വ്യവസായ മേഖലയായ ഖാദി വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (എ) 1. വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വില്പനയ്ക്ക് 10% റിബേറ്റും ഇതിന് പുറമെ ഉൽസവകാലങ്ങളിൽ 10% അധിക റിബേറ്റും നൽകുന്നുണ്ട്. ഇത് തുടരാൻ ഉദ്ദേശിക്കുന്നു.<br>2. ഖാദി തൊഴിലാളികൾക്ക് നൂൽപ്പിന് കഴിയൊന്നിന് 30 പൈസയും നെയ്ത്തിന് അവരുപയോഗിക്കുന്ന ഓരോ കഴി നൂലിനും 90 പൈസയും ഉൽപ്പാദന ഇൻസെന്റീവ് ആയി നൽകി വരുന്നുണ്ട്. ഇത് തുടർന്നും നൽകാൻ ഉദ്ദേശിക്കുന്നു.<br>3. ഇൻകം സപ്പോർട്ട് സ്കീമിൽ അനുവദിക്കുന്ന തുക വിനിയോഗിച്ച് ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മിനിമം കൂലി വിതരണം ചെയ്യുന്നുണ്ട്. ഇത് തുടർന്നും നൽകാൻ ഉദ്ദേശിക്കുന്നു.<br>4. പരമ്പരാഗത വ്യവസായങ്ങളെ കൂടുതൽ ഉല്പാദനപരവും മൽസരാധിഷ്ഠിതവുമാക്കുന്നതിന് പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകൾക്കായി ഒരു ഖാദി ക്ലസ്റ്റർ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു.<br>5. ഖാദി വിൽപ്പനകേന്ദ്രങ്ങളും ഗോഡൗണുകളും കമ്പ്യൂട്ടർവൽക്കരിക്കുവാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| | | | 6. പരമ്പരാഗത ഖാദി വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി പഴയ മോഡൽ ചർക്കകളും തറികളും മാറ്റി പുതിയവ സ്ഥാപിക്കുക, പുതിയ വർക്കുഷെഡ്ഡുകൾ നിർമ്മിക്കുക, തൊഴിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ്" നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക തുടങ്ങിയവ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | ഖാദി ഉൽപ്പന്നങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിന് സഞ്ചരിക്കുന്ന വിപണന യൂണിറ്റുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ ? | (ബി) | സഞ്ചരിക്കുന്ന വിപണന യൂണിറ്റുകൾ ഇപ്പോൾ തന്നെ മൂന്ന് ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്. മറ്റു ജില്ലകളിലും ഇത് ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ